THE GOOD SHEPHERD
BULLETIN

A Laity initiative for Peace, Unity and Enlightenment

2025 നവംബർ 20 വ്യാഴം *Special Edition*

എഡിറ്റോറിയൽ

ആ യുഗം അവസാനിക്കുന്നില്ല; പുതിയത് പിറക്കുന്നു.....

'സഭാ ഐക്യം', 'സഭാ സമാധാനം' എന്നൊക്കെ കേൾക്കുമ്പോൾ അപ്രയോഗികമായ എന്തോ ആണെന്ന് ആദ്യ കേൾവിയിൽ തോന്നിയേക്കാം. എന്നാൽ അതിനെ എങ്ങനെ സാധ്യമാക്കാമെന്നതിന് തന്നാലാവും വിധം ഗവേഷണങ്ങൾ നടത്തുകയും, അത് സാധ്യമാക്കുന്നതിനായി സമാന ചിന്താഗതിക്കാരോടൊത്തുചേർന്നും, അവരെ സംഘടിപ്പിച്ചും അതിലേക്കുള്ള പടവുകൾ ഒന്നൊന്നായി ചവിട്ടി കയറുകയും ചെയ്ത പ്രിയ അലക്സാണ്ടർ സാർ തന്റെ ദേഹവിയോഗത്തിന് ഏറെക്കാലം മുമ്പെ തന്നെ പുതിയ ഒരു യുഗത്തിന് തുടക്കമിട്ടിട്ടാണ് യാത്രയാവുന്നത്.

തന്റെ വ്യക്തിപരമായ ഇടപെടലുകളിലൂടെയും, 'സഭാസമാധാനസമിതി', 'ശുബ്കോനോ' എന്നീ കൂട്ടായ്മകളിലൂടെയും മലങ്കര സഭയെ നശിപ്പിക്കുന്ന കക്ഷി വഴക്ക് ഇല്ലായ്മ ചെയ്യുവാൻ, മലങ്കരസഭയിലെ ഇരുവിഭാഗത്തിലുള്ളവരുമായി സന്ധി സംഭാഷണങ്ങൾക്ക് അക്ഷീണം പ്രയത്നിച്ചു. അങ്ങനെ സംഭാഷണങ്ങളിലൂടെ, ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ധാരണകൾ ഫലപ്രദമാക്കി, മലങ്കരസഭയെ ശാന്തിതീരത്ത് എത്തിക്കുവാൻ അദ്ദേഹവും, കൂട്ടരും പെടാപാടുകൾ നടത്തി.

അനുരഞ്ജനത്തിലൂടെ മാന്യമായ യോജിപ്പ് (Dignified Unity through Reconciliation) എന്ന ആശയത്തിലൂന്നി പ്രവർത്തിക്കുന്ന സഭാനേതൃത്വത്തിനേ, ക്രിസ്തുസാക്ഷ്യനിർവ്വഹണമായ ഐക്യത്തിന് കഴിയൂ എന്ന ചിന്തയിൽ അധിഷ്ഠിതമായ ടി ജി എസ് എന്ന, 'ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പ്' എന്ന പ്രസ്ഥാനവുമായി ചേർന്ന് ചിന്തകൾ പങ്കുവെക്കുകയും, 2021 ഡിസംബർ നാലിന് കൂടിയ പൊതുയോഗം, അലക്സാണ്ടർ സാറിനെ അതിന്റെ പ്രഥമ പ്രസിഡന്റ് ആയി ഏകകണ്ഠമായി തെരെഞ്ഞെടുക്കുകയും ചെയ്തു. മൂന്നുവർഷകാലാവധി 2025 മാർച്ച് 31ന് തീർന്നെങ്കിലും, അടുത്ത മൂന്നു വർഷത്തേയ്ക്ക് കൂടി അലക്സാണ്ടർ സാറിന്റെ പേര് നിർദ്ദേശിക്കപ്പെട്ടത് അദ്ദേഹത്തിന്റെ പ്രവർത്തനമികവിന്റെ തെളിവ് കാട്ടുന്നു. കുറച്ചുനാളായി അലട്ടിയിരുന്ന കാൽവേദനകാരണം ഒഴിവാകുവാൻ ശ്രമിച്ചെങ്കിലും, ഒരു രജിസ്റ്റേർഡ് സൊസൈറ്റി ആയി, ദൈവകൃപയാൽ വളർന്ന ഈ പ്രസ്ഥാനത്തിന്റെ മുഖ്യഭാഗമായി ആ സ്ഥാനത്തു തന്നെ, അദ്ദേഹം തുടരണമെന്ന എല്ലാവരുടേയും താല്പര്യം മാനിക്കുകയായിരുന്നു.

ഒരുമിച്ച് പ്രാർത്ഥിക്കുന്ന, ആരാധിക്കുന്ന വിശ്വാസ സമൂഹമായി, ഒരേ പൈതൃകവും, വിശ്വാസ ആചാരങ്ങളും ഒക്കെയുള്ള, മലങ്കര ക്രിസ്ത്യാനികൾ ഐക്യപ്പെട്ട് പോകണമെന്ന തന്റെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കാൻ തന്നാലാവുന്നതെല്ലാം ആ മഹാപുരുഷൻ ചെയ്തിട്ടും, അതിന്റെ നല്ലഫലം കാണുവാൻ, അനുഭവിക്കുവാൻ, കഴിഞ്ഞില്ലായെന്ന ഒരു പരിദേവനം അവശേഷിക്കുന്നു.

അരികിലെത്തുന്നവർക്കെല്ലാം ആശ്വാസത്തിന്റെ തണലായ, അറിവിന്റെ നിറകുടമായ അദ്ദേഹം, സ്നേഹമുള്ളവർക്ക് 'കുഞ്ഞുമോൻ അച്ചായൻ' ആയിരുന്നു. ടി ജി എസ് എന്ന പ്രസ്ഥാനത്തിന്റെ മാർഗ്ഗദർശിയും ഉത്തമനായ തേരാളിയുമായിരുന്നു എക്കാലവും അദ്ദേഹം. അദ്ദേഹത്തോട് അടുത്ത് പ്രവർത്തിച്ച ഒരു വ്യക്തിക്കു പോലും ഇന്ന് കണ്ഠമിടറാതെ അദ്ദേഹത്തെപ്പറ്റി പറയുവാൻ സാധിക്കില്ല. അത്രകണ്ട് സ്നേഹത്തിന്റെയും കരുതലിന്റെയും ആൾരൂപമായിരുന്നു ആ വലിയ മനുഷ്യൻ. ഒരു വട്ടമെങ്കിലും അദ്ദേഹത്തോട് അടുത്തിരുന്ന് സംസാരിച്ചിട്ടുള്ള ഏതൊരാളും അതിശയത്തോടുകൂടി സ്വയം ചോദിക്കാൻ ഇടയുള്ള ഒരു ചോദ്യമുണ്ട്, 'ഇത്രയധികം അറിവും, അലിവും, സ്നേഹവും കരുതലും എല്ലാം ഒരേ വ്യക്തിയിൽ എങ്ങനെ നിറഞ്ഞ് തുളുമ്പുന്നുവെന്ന്....?

ഒരു പുതിയ യുഗത്തിന്റെ നെയ്ത്തിരി കൊളുത്തി വെച്ചിട്ടാണ് അദ്ദേഹം യാത്രയാകുന്നത്. ആ മഹാപുരുഷൻ കാണിച്ചുതന്ന മാർഗ്ഗത്തിലൂടെ അദ്ദേഹത്തിന്റെ സ്വപ്ന സാക്ഷാത്കാരത്തിനായി നമുക്കൊരുമിക്കാം..

ആ യുഗം അവസാനിച്ചിട്ടില്ല..

പുതിയതൊന്നു പിറന്നിട്ടേ ഉള്ളു എന്ന് നമുക്ക് പ്രത്യാശിക്കാം..

സജി ഏബ്രഹാം
ചീഫ് എഡിറ്റർ

സഭാ സമാധാനത്തിന്റെ പോരാളിക്ക്
വിട

റാന്നി: സഭാ സമാധാനത്തിനുവേണ്ടി മുൻനിരയിൽ നിന്ന് പ്രവർത്തിച്ച ദി ഗുഡ് ഷേപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പിന്റെ സ്ഥാപക പ്രസിഡന്റ് എ. എം. അലക്സാണ്ടർ അന്തരിച്ചു. രോഗബാധിതനായി കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിൽ കഴിയുന്നതിനിടയിൽ നവംബർ 18ന് രാവിലെ ഒൻപത് മണിക്കായിരുന്നു അന്ത്യം.

റാന്നി, കരികുളം മുണ്ടിയാന്തറ, മാവേലിൽ പേരങ്ങാട്ട് കുടുംബാംഗമാണ്. ആരംഭകാലത്ത് ഇന്ത്യൻ നേവിയിൽ ഉദ്യോഗസ്ഥൻ ആയിരുന്ന അദ്ദേഹം പിന്നീട് ഐക്യരാഷ്ട്ര സംഘടനയിൽ ഉദ്യോഗസ്ഥനായി ന്യൂയോർക്കിൽ സേവനം അനുഷ്ഠിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ തികഞ്ഞ വിശ്വാസിയായിരുന്ന അദ്ദേഹം ഓർത്തഡോക്സ്- യാക്കോബായ സഭാതർക്കങ്ങൾ അവസാനിപ്പിക്കുന്നതിനും സഭകളുടെ സമാധാനത്തിനുമായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് തന്റെ ദൗത്യത്തിന്റെ അന്തിമഫലം കാണുന്നതിനു മുമ്പായി വിട പറയുന്നത്. സഭാ സമാധാന സമിതി രൂപീകരിച്ച് മലങ്കര ഓർത്തഡോക്സ് സഭയിലെ ഇരുവിഭാഗങ്ങളും തമ്മിലുള്ള അനുരഞ്ജനത്തിനായി അഹോരാത്രം പ്രവർത്തിച്ച വ്യക്തിയാണ് എ. എം. അലക്സാണ്ടർ.

റാന്നി മാവേലിൽ പേരങ്ങാട്ട് പി എം മത്തായിയുടെയും പുറമറ്റത്ത് വെള്ളിക്കര പുത്തൻ കയ്യാലക്കൽ വീട്ടിൽ അന്നമ്മയുടെയു മൂത്ത പുത്രനായി 1939 മെയ് ഒൻപതിനാണ് ജനനം. പരേതയായ തങ്കമ്മയാണ് ഭാര്യ, മാത്യു അലക്സ്, ലൗലി അന്നാ അലക്സ്, സൂസൻ മാത്യു, തോമസ് അലക്സ് എന്നിവരാണ് മക്കൾ.

ഓർത്തഡോക്സ് ക്രിസ്തീയതയിൽ അചഞ്ചലമായ വിശ്വാസത്തോടെ, മലങ്കര സഭയിൽ ശാശ്വത സമാധാനത്തിനുവേണ്ടി അക്ഷീണം പ്രവർത്തിച്ച എക്കാലവും മാതൃകയും പ്രോത്സാഹനവും വഴികാട്ടിയുമായിരുന്ന എ. എം. അലക്സാണ്ടർ സാറിന്റെ ദേഹവിയോഗം ഗുഡ്ഷെപ്പേർഡ് കൂട്ടായ്മയ്ക്ക് ഒരു വിടവ് സൃഷ്ടിച്ചിരിക്കുകയാണ്.

സഭയെ മാറോട് ചേർത്ത് പ്രണയിച്ച മഹാനുഭാവൻ

ഷാജൻ മാത്യു (സെക്രട്ടറി, 'ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പ്')

തന്നിൽ സ്വാംശീകരിക്കപ്പെട്ട കറയില്ലാത്ത ക്രിസ്തീയ വിശ്വാസങ്ങളുടെയും, പാഠങ്ങളുടെയും ചിന്തകളുടെയും, അനുഭവവേദ്യമായ ആചാരാനുഷ്ഠാനങ്ങളുടെയും അലിഞ്ഞു ചേർക്കലിലൂടെ രൂപപ്പെട്ട കറതീർന്ന ഓർത്തഡോക്സ് സഭാ സ്നേഹം അന്ത്യത്തോളം പുലർത്തിയ മലങ്കര സഭയെ പ്രാണനെപ്പോലെ സ്നേഹിച്ച അയ്മേനികളിലെ ഒരു തിരുമേനി. അതായിരുന്നു, ഞങ്ങളുടെയൊക്കെ പ്രിയങ്കരനായ കുഞ്ഞുമോനച്ചായൻ, അഥവാ, എ. എം. അലക്സാണ്ടർ സാർ.

അധികനാൾ നീണ്ടു നിൽക്കാഞ്ഞ, തന്നേയുംകൊണ്ട് പോകുമെന്നറിയാവുന്ന രോഗത്തിന്റെ ക്ഷീണാവസ്ഥയിലും, 'മോനെ നമ്മളൊക്കെ ഇത്രയൊക്കെ പ്രവർത്തിച്ചിട്ടും കഠിനഹൃദയരായ ഈ മെത്രാന്മാരും, അവരുടെ മേലെയുള്ള കാതോലിക്കാമാരും' നമ്മെയൊക്കെ ചതിക്കുകയല്ലായിരുന്നുവോ എന്ന ഗദ്ഗദം, സുബോധത്തോടെ അവസാനം തമ്മിൽ കണ്ടപ്പോളുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, 'ദൈവഭക്തി ആദായസൂത്രമായി കണ്ട്', മറ്റുള്ളവരെ തെറ്റിക്കുന്ന പുരോഹിതവർഗ്ഗത്തോട്, കഠിനവെറുപ്പും, എന്നാൽ, സത്യസന്ധതപുലർത്തുന്ന പുരോഹിതരോട് ആദരവും പുലർത്തിയിരുന്നു. തന്റെ സമയവും, പണവും, ആരോഗ്യവും, ബുദ്ധിയും, മലങ്കര സഭയിലെ ബാവ – മെത്രാൻ എന്ന രണ്ട് കക്ഷികളെ വ്യവസ്ഥാപിതമായും, ക്രിസ്തുസ്നേഹത്തിലധിഷ്ഠിതമായും ഐക്യപാതയിൽ ചേർത്തുനിർത്തുവാൻ, രണ്ടു പക്ഷത്തേയും സമാനചിന്തകരെ കണ്ടെത്തി പ്രയത്നിച്ചു.

2017 ജൂലൈ മൂന്നിലെ, ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി, ദൈവം കൈകൊണ്ട് എഴുതിയതാണെന്ന് ഊറ്റംകൊണ്ട അന്നത്തെ ഓർത്തഡോക്സ് സഭാവിഭാഗം നേതാക്കൾ, മറുപക്ഷത്തെ സഹോദരരെ, യഥായോഗ്യം മനസ്സിലാക്കി പരസ്പരമുണ്ടായ മുറിവുകൾ ഉണക്കുന്നതിന് ശ്രമിക്കാതെ, കോടതി വിധിയിലെ അക്ഷരം നടപ്പാക്കുവാനും, ആത്മാവിനെ വിട്ടുകളവാനും ശ്രമിച്ചതിന്റെ പരിണിത ഫലം ഭയാനകമാകുമെന്ന്, ക്രാന്തദർശനത്തോടെ കണ്ട ഓർത്തഡോക്സ് സഭാ വിശ്വാസികളുടെ കൂട്ടായ്മയാണ്, 'ദി ഗുഡ് ഷേപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പ്'. സ്വാർത്ഥ താല്പര്യമില്ലാത്ത, ക്രിസ്തു സാക്ഷ്യമുള്ള ഒരു നേതൃത്വം ഈ സഭക്ക് ഉണ്ടായെങ്കിലേ ശുഭതയുണ്ടാകൂവെന്ന ഉത്തമ ബോധ്യമുള്ളവരെ ചേർത്ത്, 2021 മെയ് നാലിന്, വാട്സ് ആപ്പ് കൂട്ടായ്മ ആയാണ് തുടക്കം. പത്തുപേരിൽ നിന്ന് വളർന്ന്, അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിൽ വിഭാഗീയതകളെ മറികടക്കുന്ന നേതൃത്വത്തിനുള്ള അന്വേഷണഘട്ടത്തിൽ, വ്യക്തമായ കണ്ടെത്തലുകളിലൂടെ മുന്നോട്ട് പോകുമ്പോൾ, അലക്സാണ്ടർ സാറിന്റെ, ഈ കൂട്ടായ്മയോടൊപ്പമുള്ള ചേരൽ, വർദ്ധിതവീര്യം നൽകി.

സഭയെ അന്ന് നയിച്ചിരുന്ന പരിശുദ്ധ കതോലിക്കാ ബസ്സേലിയോസ് മാർ തോമ പൗലോസ് ദ്വിതിയൻ രോഗാതുരനായി. ബാവയുടെ പിൻഗാമി ആരായിരിക്കണമെന്ന് ചിന്ത പ്രബലപ്പെട്ടു. TGS എന്ന ചുരുക്കപ്പേരിൽ വിളിക്കുന്ന 'ദി ഗുഡ് ഷേപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പ്' മൂന്നു സെമിനാറുകൾ സംഘടിപ്പിച്ചു. അന്നത്തെ ഇരുപത്തി മൂന്നു മെത്രാപ്പോലിത്താമാരിലൂടെ ഒരു അന്വേഷണം നടത്തി.

തൽഫലമായി, വിശുദ്ധ യോഹന്നാന്റെ സുവിശേഷം 17–ാം അദ്ധ്യായം, പ്രചോദനഭാഗമായി കണ്ട്, അനുരഞ്ജനത്തിന്റെ, ഐക്യത്തിന്റെ, സമാധാനത്തിന്റെ ക്രിസ്തുപരിപ്രേക്ഷ്യമുള്ള സഭാ നേതാവിലേക്കുള്ള കണ്ടെത്തലിന്, ടി ജി എസ് കൂട്ടായ്മ പരിശ്രമിച്ചു. തദനന്തരം, മെത്രാന്മാരുടെ അടുക്കലേക്കുള്ള TGS കൂട്ടായ്മയിലെ നേതൃത്വ അംഗങ്ങളുടെ മടികൂടാതെയുള്ള യാത്രകളും, അവരോടുള്ള സംവാദങ്ങളും, അതിനു ചുക്കാൻ പിടിച്ച അലക്സാണ്ടർ സാറിന്റെ വൈഭവവും വേറിട്ട ഒന്നു തന്നെയായിരുന്നു. ഉരുളക്കുപ്പേരിപോലെ ആയിരുന്നു, മറുപടികൾ, ചടുലങ്ങൾ ആയിരുന്നു പ്രവർത്തനങ്ങൾ.

ദി ഗുഡ്ഷെപ്പേർഡ് ഫെല്ലോഷിപ്പിന്റെ നിയമാവലി അംഗീകരിച്ചശേഷം
എ. എം. അലക്സാണ്ടർ സാറിന്റെ ഭവനത്തിൽ ടി. ജി. എസ്. അംഗങ്ങൾ

എന്നാൽ, സഭയുടെ ഭാവിയേക്കാൾ, ഇന്നിന്റെ സ്വാർത്ഥതാല്പര്യം നടപ്പാക്കാൻ മുന്നിട്ടിറങ്ങിയവർ മെനഞ്ഞ തന്ത്രങ്ങൾക്കു മുമ്പിൽ കൂട്ടായ്മയുടെ പ്രയത്നങ്ങൾ നിഷ്പ്രഭമായി. അലക്സാണ്ടർ സാർ, ശാസിക്കേണ്ടവരെ ശാസിക്കുമായിരുന്നു. സഭാ സമാധാന ശ്രമങ്ങളെ അട്ടിമറിച്ച വരെ സ്ഥാനമാനങ്ങൾ നോക്കാതെ നിശിതമായി വിമർശിച്ചിരുന്നു.

എന്നാൽ, അഭിനന്ദനങ്ങൾക്കർഹരായവരെ അനുമോദിക്കുമായിരുന്നു. അഭിമാനിയും, അതിഥി പ്രിയനുമായിരുന്നു. സഭാ ഐക്യം ലക്ഷ്യമായി കണ്ട് പ്രവർത്തിക്കുന്ന, സഭയിലെ പുഴുക്കുത്തലുകളെ പകെയ്ക്കുന്ന, ക്രിയാത്മ പ്രതികരണങ്ങൾ നടത്തുന്ന, വിജ്ഞാനപഠനത്തിന് വേദിയൊരുക്കുന്ന, പ്രാർത്ഥനക്ക് ഇടം നൽകുന്ന, ജീവകാരുണ്യ പ്രവർത്തനങ്ങളെ പങ്കുവെക്കലായി നടപ്പാക്കുന്ന ടി ജി എസ് കൂട്ടായ്മയുടെ പ്രസിഡന്റ് സ്ഥാനത്തിരിക്കുമ്പോൾ തന്നെ ഈ യാത്ര അവസാനിച്ച്, നിത്യതയിലേക്കുള്ള യാത്ര പുറപ്പെട്ട ഞങ്ങളുടെ അലക്സാണ്ടർ സാർ, അതേ കുഞ്ഞുമോനച്ചായൻ, സ്വർഗീയ മധ്യസ്ഥനായി തുടർന്നു പ്രവർത്തിക്കുമെന്ന് ഉറപ്പുണ്ട്.

വ്യക്തിപരമായി, എന്നോട് ഒരു മകന്റെ സ്ഥാനം നൽകി, എന്റെ കുടുംബത്തോട് സ്നേഹം നന്നായി പുലർത്തിയിട്ടുണ്ട്. വളരെ നല്ല ഓർമ്മകൾ, അറിവുകൾ, പ്രോത്സാഹനങ്ങൾ ഒക്കെ അങ്ങ് നൽകിയിട്ടുണ്ട്. അലക്സാണ്ടർ സാർ പ്രസിഡന്റും, ഞാൻ സെക്രട്ടറിയും എന്ന നിലയിൽ വീക്ഷണങ്ങളിൽ വന്നിട്ടുള്ള വ്യത്യാസങ്ങൾ ഇടർച്ചകൂടാതെ പരസ്പരം മനസ്സിലാക്കുവാനും, ഉൾകൊള്ളുവാനും, തന്റെ ശരികൾ മാത്രമല്ല, തെറ്റുകളും ചൂണ്ടികാട്ടുന്നത് സ്നേഹത്തെ കുറക്കുന്നില്ലായെന്നും കാട്ടി തന്ന ജ്ഞാന വൃദ്ധൻ. നാല്പതാം വയസ്സിൽ തന്റെയും, ഭാര്യയുടെയും ജോലി ഉപേക്ഷിച്ച്, ഭാവിയിൽ കിട്ടാവുന്ന വലിയ പെൻഷൻ തുകയുടെ വലിപ്പം ഗൗനിക്കാതെ, അപ്പനേയും, അമ്മയേയും ശുശ്രൂഷിപ്പാൻ ഭാര്യാ സമേതം, അമേരിക്കയിൽ നിന്നും, റാന്നിയിലെ കരികുളം ഗ്രാമത്തിൽ മാതാപിതാക്കളോടൊപ്പം ജീവിച്ച്, സ്നേഹം ത്യാഗത്തിലൂടെയെന്ന് സ്വജീവിതത്തിൽ കാട്ടിയ മഹാനുഭാവനു യാത്രാമംഗളങ്ങൾ, പ്രാർത്ഥനകൾ. ●

വാർദ്ധക്യത്തിലും ഫലം കായ്ച്ച വൃക്ഷം

ഡോ. ജോസ് പാറക്കടവിൽ

വിശുദ്ധ ഗ്രന്ഥത്തിൽ വർണ്ണിക്കുന്നതുപോലെ വാർദ്ധക്യത്തിലും പുഷ്ടിപ്രാപിച്ച് ഫലം കായ്ക്കുന്ന ഒരു നന്മ മരമായിരുന്നു യശഃശരീരനായ അലക്സാണ്ടർ സാർ.

ഗുഡ് ഷെപ്പേർഡ് ഗ്രൂപ്പിൽ അംഗമായതിനുശേഷം ആണ്, സാറുമായി നിരന്തര സമ്പർക്കത്തിൽ ഏർപ്പെടുന്നത്. എന്നാൽ, അതിന് മുമ്പ് പലയിടത്തും പല വേദികളിലും അദ്ദേഹവുമായി ഇടപെടുവാൻ അവസരമുണ്ടായി.

ദീർഘകാലം വിദേശങ്ങളിൽ കഴിഞ്ഞശേഷം, വാർദ്ധക്യം എത്തുന്നതിനുമുമ്പ് തന്നെ മാതാപിതാക്കളെ പരിചരിക്കുവാനായി നാട്ടിൽ മടങ്ങിയെത്തിയ അലക്സാണ്ടർ സാർ റാന്നിയിലും പരിസരങ്ങളിലും ഏവർക്കും സുപരിചിതനായി. ജനകീയ പ്രസ്ഥാനങ്ങളിൽ പങ്കാളിയാകുകയും സാധാരണക്കാരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് സഹായഹസ്തം നീട്ടുകയും ചെയ്തിരുന്ന സാറിനെ ആളുകൾ ഓർത്തിരിക്കും.

എന്നാൽ, സ്വന്തം സഭയുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം നടത്തിയ പരിശ്രമങ്ങളെ ഓർത്തിരിക്കുവാൻ എത്ര പേരുണ്ടാകും എന്ന കാര്യത്തിൽ സംശയമുണ്ട്. കക്ഷി വഴക്കുകൾ മൂലം വളർച്ച മുരടിക്കുകയും പൊതു സമൂഹത്തിൽ എത്രയോ നൂറ്റാണ്ടുകൾ നിലനിന്ന പ്രതാപങ്ങൾ അസ്തമിക്കുകയും ചെയ്ത സഭയിൽ സമാധാനം വീണ്ടെടുക്കുവാനായി അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ മറക്കാനാവുന്നതല്ല. ഇരുവിഭാഗങ്ങളിലും സുഹൃത്തുക്കളെ സമ്പാദിക്കുവാൻ കഴിഞ്ഞിരുന്ന അദ്ദേഹം ഒറ്റയ്ക്കും പല വ്യക്തികളുമായി ചേർന്നും നടത്തിയ പരിശ്രമങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്നത് കാണുവാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടായില്ല.

നിർഭാഗ്യവശാൽ സമാധാനത്തിനായി ശ്രമിക്കുന്നവരല്ല, ഏതെങ്കിലും പക്ഷം പിടിച്ചു പോർവിളികൾ നടത്തുന്നവരാണ് കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത്. അത്തരക്കാരെ പുകഴ്ത്തുവാനും അവരുടെ പിന്നിൽ അണിനിരക്കുവാനും ആളുകൾ ഏറെ ഉണ്ടാകും.

പക്ഷേ, നീതിമാന്മാർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന വാടാത്ത കിരീടങ്ങൾ അലക്സാണ്ടർ സാറിനെ പോലെയുള്ളവർക്ക് അവകാശപ്പെട്ടതാണ് എന്ന് തിരുവചനം പഠിപ്പിക്കുന്നു.

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും എന്ന് കർത്താവ് ഗിരിപ്രഭാഷണത്തിൽ നൽകിയ ഉറപ്പ്, അലക്സാണ്ടർ സാറിനെ സ്നേഹിക്കുന്നവർക്ക് സന്തോഷം നൽകുന്ന മഹത്തരമായ ഉറപ്പാണ്.

യേശുവിന്റെ സുവിശേഷം ഹൃദയത്തിൽ ഏറ്റുവാങ്ങിയ അലക്സാണ്ടർ സാർ തനിക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന വിശിഷ്ട പദവികൾ ഏറ്റുവാങ്ങുന്നതിനായി അരുമനാഥന്റെ സന്നിധിയിലേക്ക് യാത്ര തിരിക്കുന്ന ഈ സന്ദർഭത്തിൽ ധന്യമായ ആ ജീവിതം ഓർത്ത് ദൈവത്തെ സ്തുതിക്കാം.

('ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പി'ന്റെ വൈസ് പ്രസിഡന്റ് കൂടിയാണ് ലേഖകൻ,.)

പ്രിയതമ തങ്കമ്മയെ കരുതലോടെ.

രോഗക്കിടക്കയിൽ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടൊപ്പം. സാറിന്റെ സഹോദരിയെയും കാണാം.

ശുഭ്രതയും ശുദ്ധതയും സമ്മേളിച്ച കുഞ്ഞുമോനച്ചായൻ

ഫാ. പി. എ. ഫിലിപ്പ് (കാതോലിക്കേറ്റ് അരമന, ദേവലോകം)

സാമൂഹ്യമണ്ഡലത്തിലും ക്രിസ്തീയ സഭാവൃത്തങ്ങളിലും എ എം അലക്സാണ്ടർ എന്നറിയപ്പെട്ടിരുന്ന മഹാമനുഷ്യൻ എനിക്ക് എന്നും സ്നേഹനിധിയായ ആറ്റുകുഴി കുഞ്ഞുമോനച്ചായനായിരുന്നു. ഇവിടെ സ്മരണകൾ എഴുതുന്ന പ്രിയപ്പെട്ടവരിൽ അനേകരും ഗുഡ് ഷേപ്പേർഡ് കൂട്ടായ്മയിലൂടെ എ എം അലക്സാണ്ടർ സാറിനെ അറിഞ്ഞു എങ്കിൽ ഏതാണ്ട് അരനൂറ്റാണ്ടിന്റെ പിതൃപുത്ര ബന്ധത്തിന് സമാനമായ കുളിർമയേറിയ ഒരു ബന്ധമാണ് കുഞ്ഞുമോൻ അച്ചായനും ഞാനും തമ്മിൽ ഉണ്ടായിരുന്നത്. എന്റെ അമ്മവീട് റാന്നി പറങ്ങാമൂട്ടിൽ കുടുംബം കുഞ്ഞുമോനച്ചായന്റെ വീടിന് തൊട്ടടുത്താണ്. എന്റെ അമ്മയുടെ പിതാവ് പീലി അപ്പച്ചനും കുഞ്ഞുമോനച്ചായന്റെ പിതാവ് മത്തായി അപ്പച്ചനും വളരെ അടുത്ത ചങ്ങാതികൾ ആയിരുന്നു. സ്കൂളിൽ പഠിക്കുന്ന കാലത്ത് അവധി വേളകളിൽ അമ്മവീട്ടിൽ പോയി താമസിക്കുന്ന കാലത്ത് മുക്കാലുമൺ സെന്റ് ജോർജ് പള്ളിയിൽ വച്ച് കുഞ്ഞുമോനച്ചായനെ കാണും. അന്നു മുതൽ എന്നോട് അദ്ദേഹം കാട്ടിയിട്ടുള്ള പിതൃസഹജമായ വാൽസല്യം അരനൂറ്റാണ്ട് ഇപ്പുറവും ഒട്ടും കുറയാതെ സൂക്ഷിച്ചിരുന്നു എന്നുള്ളതാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്. എന്റെ പൗരോഹിത്യ ജീവിതത്തിലെ ഓരോ ചുവടുവെപ്പിലും അദ്ദേഹത്തിന്റെ പ്രാർത്ഥനയും അമൂല്യമായ ഉപദേശങ്ങളും ഉണ്ടായിരുന്നു. ഭാഗ്യസ്മരണാർഹനായ ഡോക്ടർ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ശിഷ്യത്വം ഞാൻ സ്വീകരിച്ചതോടെ, കുഞ്ഞുമോനച്ചായന് എന്നോടുള്ള സ്നേഹവും വാത്സല്യവും ശതഗുണീഭവിച്ചു എന്ന് പറയാം. കാരണം അവർ തമ്മിൽ അത്രമേൽ അടുപ്പക്കാരായിരുന്നു. റാന്നിയിലെ വീട്ടിൽ ചിലപ്പോഴൊക്കെ ഞാൻ പോയി വളരെ നേരം സംസാരിച്ചിരിക്കുമായിരുന്നു. സഭയിൽ സമാധാനം ഉണ്ടാക്കുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഒക്കെ എന്നോട് വിവരിക്കുമായിരുന്നു. മണിക്കൂറുകൾ നീണ്ട സംസാരത്തിനു ശേഷം ഞാൻ പോരുമ്പോൾ കുറെ നാളികേരം, ഏത്തക്കുല, കപ്പളങ്ങ ഇവയൊക്കെ എന്റെ വണ്ടിയിൽ അദ്ദേഹം തന്നു വിടാനും ഒരിക്കലും മറന്നിരുന്നില്ല. (ഒരു ഫ്ളാറ്റിൽ താമസിക്കുന്ന എനിക്ക് ഇതൊക്കെ ആവശ്യമാണെന്ന് നന്നായി അറിയാമായിരുന്നു).

ജീവിതത്തിലെ പ്രധാനപ്പെട്ട എല്ലാ തീരുമാനങ്ങളിലും കുഞ്ഞുമോനച്ചായന്റെ ഉപദേശം ഞാൻ തേടിയിരുന്നു . ഓർത്തഡോക്സ് ആരാധന, ദൈവശാസ്ത്രം എന്നിവയിൽ അദ്ദേഹത്തിനുള്ള അറിവ് നമ്മെ വിസ്മയിപ്പിക്കുന്നതായിരുന്നു. വാട്സ്ആപ്പ് ഗ്രൂപ്പുകളിലും മറ്റ് വേദികളിലും ഒക്കെ അദ്ദേഹം പങ്കുവെച്ചിട്ടുള്ള വേദപുസ്തക ചിന്തകൾ ഇതിന് സാക്ഷ്യം വഹിക്കുന്നു. ആശയങ്ങളെ വളരെ മനോഹരമായി അവതരിപ്പിക്കാനുള്ള അന്യാദൃശ്യമായ ഒരു കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും അതിമനോഹരമായി സംസാരിക്കുവാനും എഴുതുവാനും കഴിഞ്ഞിരുന്നു. ഇംഗ്ലീഷിൽ അദ്ദേഹം എഴുതുന്ന ചെറിയ ചിന്തകൾ പോലും അത്രമാത്രം ചിന്താബന്ധുരമായിരുന്നു. നല്ല തലപ്പൊക്കം ഉണ്ടായിരുന്ന കുഞ്ഞുമോൻച്ചായന്റെ ആശയങ്ങൾക്കും ചിന്തകൾക്കും അതിലേറെ പൊക്കം ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സംസാരത്തിൽ, ഇടപാടുകളിൽ അഹങ്കാരത്തിന്റെ ലാഞ്ചന പോലും ഇല്ലായിരുന്നു.

രണ്ടുമൂന്നു വർഷം മുമ്പ് Walk the Orthodox Way (WOW) എന്ന ഒരു യൂട്യൂബ് ചാനൽ ഞാൻ ആരംഭിച്ചപ്പോൾ, അതിലെ ഓരോ എപ്പിസോഡും വളരെ സൂക്ഷ്മമമായി ശ്രദ്ധിച്ച് പഠിച്ച്, എന്നെ ഫോണിൽ വിളിച്ച് അഭിനന്ദിക്കുകയും അത് കൂടുതൽ ഫലപ്രദമായി ചെയ്യുവാൻ ചിലപ്പോഴൊക്കെ ചില നിർദ്ദേശങ്ങൾ തരികയും ചെയ്തിട്ടുണ്ട്. അദ്ദേഹം തന്നിട്ടുള്ള തിരുത്തലുകൾ ഞാൻ സർവാത്മനാ സ്വീകരിച്ചിട്ടുമുണ്ട്. ഓരോ എപ്പിസോഡും കണ്ട ശേഷം അദ്ദേഹത്തിന്റെ മക്കൾക്ക് അത് ഷെയർ ചെയ്തു കൊടുക്കുകയും പഠിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ശുദ്ധവും ശുഭ്രവും ആയിരുന്നു കുഞ്ഞുമോനച്ചായന്റെ ജീവിതം. വെള്ള വസ്ത്രം മാത്രമേ അദ്ദേഹം ധരിക്കുമായിരുന്നുള്ളൂ. ശുഭ്രവസ്ത്ര ധാരിയായ അദ്ദേഹത്തെ കാണുന്നത് തന്നെ ഒരു ഐശ്വര്യം ആയിരുന്നു. റാന്നിയിലെ ദുർഘടമായ മലയോര വഴികളിൽ കൂടി നടക്കുമ്പോൾ പോലും ഒരിക്കലും അദ്ദേഹം മുണ്ട് മടക്കി കുത്തുന്നത് കണ്ടിട്ടില്ല. മുണ്ട് എപ്പോഴും നീട്ടി ഉടുക്കുന്ന രീതിയായിരുന്നു. വസ്ത്രധാരണത്തിലെ ശുഭ്രത ജീവിതത്തിലും പ്രകാശിപ്പിച്ച വ്യക്തി. നടപ്പിലും എടുപ്പിലും സംസാരത്തിലും എല്ലാം തുളുമ്പുന്ന ഒരു കുലീനത്വം. ആരെയും ഹഠാദാകർഷിക്കുന്ന മനോഹരമായ ചിരി. ഇതൊക്കെയായിരുന്നു കുഞ്ഞുമോൻ അച്ചായൻ.

ഇസ്രായേലിന്റെ ആശ്വാസത്തിനായി യെരുശലേം ദേവാലയത്തിൽ കാത്തിരുന്ന ശിമയോൻ എന്ന വൃദ്ധനെയാണ് അച്ചായൻ ഓർമ്മിപ്പിക്കുന്നത്. സഭയിൽ രണ്ടു കക്ഷികൾ ആയി പിരിഞ്ഞു തെരുവിൽ പോലും തമ്മിലടിച്ച് ക്രിസ്തീയ സാക്ഷ്യം നഷ്ടപ്പെടുത്തിയിരുന്ന യാക്കോബായ – ഓർത്തഡോക്സ് സഭകളെ പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന വേദന എത്രയോ പ്രാവശ്യം പങ്കുവെച്ചിട്ടുണ്ട് ! 2017 ലെ സുപ്രീംകോടതി വിധിക്കു മുമ്പും ശേഷവും കക്ഷികൾ തമ്മിൽ സമാധാനം സംസ്ഥാപിക്കുവാൻ അദ്ദേഹം നടത്തിയിട്ടുള്ള ശ്രമങ്ങൾ എല്ലാവർക്കും നന്നായി അറിയാമോ എന്ന് എനിക്ക് സംശയമുണ്ട്. സഭയുടെ തെക്കും വടക്കുമായി രഹസ്യവും പരസ്യവുമായി ഇതിനായി എത്രയോ മീറ്റിങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട് ! എത്രമാത്രം എഴുത്തു കുത്തുകൾ അദ്ദേഹം നടത്തിയിട്ടുണ്ട്! സഭ ഒന്നായില്ലെങ്കിൽ പോലും തെരുവ് യുദ്ധങ്ങൾ അവസാനിപ്പിക്കുവാനും പള്ളികൾക്കുള്ളിലെ കയ്യാങ്കളിയും മൃതദേഹങ്ങളോട് കാണിക്കുന്ന അനാദരവും എത്രയും വേഗം അവസാനിപ്പിക്കുവാനും സഭ ക്രിസ്തീയ സാക്ഷ്യം ഉയർത്തിപ്പിടിക്കുവാനും അദ്ദേഹം നടത്തിയിട്ടുള്ള യാത്രകളും രണ്ട് കക്ഷികളോടും നടത്തിയിട്ടുള്ള സമാധാന പരിശ്രമങ്ങളും നാം കണ്ടില്ലെന്ന് വയ്ക്കരുത്. സഭയിൽ ശാശ്വത സമാധാനം പുലരുവാൻ അഭിലഷിക്കുകയും അത്യാധ്വാനം ചെയ്യുകയും ചെയ്ത പരമസാത്വികനായ ഒരു മഹാമനുഷ്യനാണ് വിടവാങ്ങുന്നത്. എന്റെ പിതൃസ്ഥാനീയനായ ഒരു നല്ല മനുഷ്യൻ ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടുമ്പോൾ എന്തോ ഒരു വലിയ ശൂന്യതയാണ് എനിക്ക് അനുഭവപ്പെടുന്നത്.●

സമാധാനം ഐക്യം തേടി
പരിശുദ്ധ പാത്രീയാർകീസ് ഇഗ്നാത്തിയോസ് അപ്രേം II വിനോടൊപ്പം
ടി. ജി. എസ് അംഗങ്ങൾ

HUMBLE TRIBUTE

Johnson Paulose, Kalamassery

A heartfelt tribute to the late A.M. Alexander Sir, a true champion of peace and unity in the Malankara Church. His dedication, wisdom, and humility have left an indelible mark on the lives of those who knew him. As a beacon of hope, he worked tirelessly to bring together opposing factions, fostering dialogue and understanding. His contributions to the Malankara Church Peace Committee, led by dear Mamman Varugese, have made ever effort to pave the way for a more harmonious and united church. His stint in the United Nations made him a highly respected and sought-after interlocutor, equipped with the skills and expertise to navigate complex situations and facilitate dialogue. His unique blend of international exposure and deep understanding of local issues made him an invaluable asset in promoting peace and unity. A man of great intellect and compassion, A.M. Alexander Sir will be deeply missed, but his legacy lives on through the countless lives he touched and the seeds of peace he sowed. May his memory be a blessing to all who knew him, and may his example inspire future generations to strive for unity and peace. A strong six-footer, he always remained a towering personality, standing tall and commanding respect wherever he went. His stature was a metaphor for his larger-than-life character, inspiring awe and admiration in all who met him. An ardent church-goer and true Christian, his faith was the foundation of his life, and he lived his values through his actions. His commitment to his faith inspired many, and his legacy will continue to be a guiding light for those who seek to follow in his footsteps. He was an excellent communicator and many a times a brilliant speaker, inspiring and motivating many with his words. His ability to articulate complex ideas with clarity and conviction made him a sought-after speaker on various platforms. ●

പ്രണാമം.......... ഓർമകൾ

കോശി പി. ചാക്കോ (ജോളി)

കവിയുടെ ഭാഷ കടമെടുത്താൽ മരിക്കാത്ത ഓർമ്മകളുടെയും നിലയ്ക്കാത്ത ഓളങ്ങളുടെയും കടവത്താണ് ഞങ്ങളുടെ പ്രിയ കുഞ്ഞുമോനച്ചായനെപറ്റി പറയുമ്പോൾ എത്തിച്ചേരുന്നത്.

നാല് സഹോദരിമാർക്ക് ഒരു സഹോദരൻ. ഞങ്ങളുടെ കുടുംബത്തിന്റെ ഒരു പ്രത്യേകത കുഞ്ഞുമോനച്ചായൻ പലതവണ പറഞ്ഞു തന്നിട്ടുള്ളത് അനുസരിച്ച്, വീട്ടിൽ കസിൻസ് ഇല്ല അക്ഷരാർത്ഥത്തിൽ സഹോദരി സഹോദരന്മാർ മാത്രം. പരിചയപ്പെടുത്തി സംസാരിക്കുമ്പോൾ എന്റെ അനുജൻ' 'എന്റെ പെങ്ങൾ' എന്നാണ് കുഞ്ഞുമോനച്ചായൻ ഉപയോഗിച്ചിരുന്നതും ഞങ്ങളെ പഠിപ്പിച്ചിരുന്നതും. ഞങ്ങളുടെ ഒരു വാട്സ്ആപ്പ് ഗ്രൂപ്പിന്റെ പേര് 'വീട്ടിൽ കൂട്ടം' എന്നാണ്. ഞങ്ങളൊക്കെ കൂട്ടുകുടുംബമായി കഴിഞ്ഞിരുന്ന വീട്... അന്നത്തെ ഓർമ്മകൾ, സന്തോഷവും സന്താപവും, കളിയും ചിരിയും, ആടിയും പാടിയും, ഒക്കെ ഉണ്ടായിരുന്ന നിമിഷങ്ങൾ മായാതെ മറയാതെ കിടക്കുന്ന 'വീട്ടിൽ കൂട്ടം'. ആ കൂട്ടത്തിലെ സജീവസാന്നിധ്യമായിരുന്നു കുഞ്ഞുമോനച്ചായൻ.

"Foot Prints" എന്ന പേരിൽ ഞങ്ങളുടെ ഒരു family booklet 2024 ൽ പ്രസിദ്ധീകരിച്ചു. അതിന്റെ പ്രചോദകശക്തി കുഞ്ഞുമോനച്ചായൻ ആയിരുന്നു. പ്രൗഢഗംഭീരമായ വ്യക്തിത്വം കൊണ്ടും ആകർഷകമായ പെരുമാറ്റം കൊണ്ടും, അന്നും, ഇന്നും, എന്നും, പകരം വയ്ക്കാൻ ഇല്ലാത്ത മൂത്ത സഹോദരന്റെ 'പൊക്ക' മാണ് ഞങ്ങളുടെയും 'പൊക്കം'.

പ്രതികൂല സാഹചര്യങ്ങളെയും, ചുറ്റുപാടുകളെയും സ്വന്തം പ്രയത്നം കൊണ്ട് കടത്തിവെട്ടി, മാതാപിതാക്കൾക്കും, സഹോദരങ്ങൾക്കും, കുടുംബത്തിനും, മക്കൾക്കും താങ്ങും തണലുമായി നിന്ന ഒരാൾ, അതാണ് കുഞ്ഞുമോനച്ചായൻ. ഏതൊരു പുരുഷന്റെയും വിജയത്തിന് പിന്നിൽ ഒരു സ്ത്രീയുടെ സാന്നിധ്യമുണ്ട് എന്നത് ഉറപ്പിക്കുന്നതായിരുന്നു ഭാര്യ തങ്കമ്മയുടെ ഉദാത്തമായ സംഭാവനകൾ. 2021 ൽ ഉണ്ടായ തങ്കമ്മാമ്മയുടെ വിയോഗം കുഞ്ഞുമോനച്ചായനെ ഒത്തിരിയും തളർത്തിയിരുന്നു.

അമേരിക്കയിലേക്ക് കുടിയേറിയിട്ടും തിരിച്ചെത്തിയ കുഞ്ഞുമോൻ അച്ചായനെപ്പറ്റി ചോദിക്കുന്ന ഒരു ചോദ്യമുണ്ട് ഈ നല്ല പ്രായത്തിൽ അമേരിക്ക വിട്ട് നല്ല വരുമാനവും കളഞ്ഞ് എങ്ങനെ ഇവിടെ തിരിച്ചു വരുവാൻ തോന്നി? അവരോടൊക്കെയുള്ള ഒരേ ഒരു മറുപടി 'വാർദ്ധക്യത്തിൽ ആരോഗ്യപ്രശ്നങ്ങൾ അലട്ടിക്കൊണ്ടിരിക്കുന്ന മാതാപിതാക്കളെ നോക്കുവാൻ പരിപാലിക്കുവാൻ'. ഇതിൽ നിന്നു തന്നെ വ്യക്തമാണ് കുഞ്ഞുമോനച്ചായനു വീടിനോടും, നാടിനോടുമുള്ള സ്നേഹവും കടപ്പാടും.

കുഞ്ഞുമോനച്ചായൻ : ഒരു സമാധാന മാർഗദർശി

വർഗീസ് ജോൺ തോട്ടപ്പുഴ

മലങ്കരസഭാസമാധാനസമിതി' എന്ന സംഘടനയുടെ 2010-നോടടുത്ത് കോട്ടയത്തു ചേർന്ന ഒരു സമ്മേളനത്തിൽ വച്ചാണ് എ. എം. അലക്സാണ്ടർ സാർ എന്ന കുഞ്ഞുമോനച്ചായനെ പരിചയപ്പെടുന്നത്. 'വിഭജനത്തിലൂടെ സമാധാനം' എന്ന ആശയമായിരുന്നു അന്ന് യാക്കോബായ ഭാഗത്തുണ്ടായിരുന്നവർക്കും ഓർത്തഡോക്സ് ഭാഗത്ത് അദ്ദേഹം ഉൾപ്പെടെ പലർക്കുമുണ്ടായിരുന്നത്. 'യോജിപ്പിലൂടെ സമാധാനം' എന്ന ആശയമായിരുന്നു ഞാൻ ഉൾപ്പെടെ പലരും പ്രകടിപ്പിച്ചത്.

1995 ജൂൺ 20-ലെ സുപ്രിംകോടതി വിധിയ്ക്കു ശേഷം ഒരു കക്ഷിയുടെ നേതൃത്വം യോജിപ്പിനു വിരുദ്ധമായ നടപടികളിലേക്ക് നീങ്ങുന്നതു കണ്ടപ്പോൾ ഐക്യം പ്രയാസമാണെന്നും വിഭജിച്ച് സമാധാനത്തോടെ വസിക്കുന്നതാണ് പ്രായോഗികമെന്നും അദ്ദേഹം പറയുമായിരുന്നു. ആശയപരമായി യോജിപ്പില്ലെങ്കിലും കുഞ്ഞുമോനച്ചായൻ പലപ്പോഴും എന്നെ വിളിച്ച് പല വിഷയങ്ങളിലും അഭിപ്രായം തേടുമായിരുന്നു.

എന്നാൽ 2017 ജൂലൈ 3-ലെ സുപ്രിംകോടതി വിധിയ്ക്കുശേഷം യോജിപ്പ് അനിവാര്യമാണെന്നായിരുന്നു കുഞ്ഞുമോനച്ചായന്റെ നിലപാട്. ഓർത്തഡോക്സ് സഭയുടെ പ്രഖ്യാപിത ഔദ്യോഗിക നിലപാടിനു കടകവിരുദ്ധമായി സഭാനേതൃത്വം സ്വീകരിച്ച നടപടികളെ അദ്ദേഹം രൂക്ഷമായി വിമർശിച്ചിരുന്നു. തന്റെ മൂർച്ചയേറിയ സന്ദേശങ്ങളിലൂടെ ഹാസ്യരൂപേണയാണ് അദ്ദേഹം തന്റെ ആശയങ്ങൾ സാമൂഹമാദ്ധ്യമങ്ങൾ വഴി പ്രചരിപ്പിച്ചിരുന്നത്. സഭാഗുരുരത്നം ഡോ. ടി.ജെ. ജോഷ്വാ അച്ചന്റെ നേതൃത്വത്തിൽ 2019 നവംബർ 15ന് പ. പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിക്ക് സമർപ്പിച്ച നിവേദനത്തോട് സഭാനേതൃത്വം സ്വീകരിച്ച നിഷേധാത്മക നിലപാട് കുഞ്ഞുമോനച്ചായനെ ദുഃഖിപ്പിച്ചിരുന്നു.

ഒരു ആരാധനാസമൂഹം എന്ന രീതിയിലുള്ള മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അനന്യതയിൽ കുഞ്ഞുമോനച്ചായൻ അഭിമാനം കൊണ്ടിരുന്നു. സഭയിലെ കക്ഷിവഴക്കിൽ ഒരുപക്ഷവും ചേരാതെ സമാധാനത്തിന്റെയും സമന്വയത്തിന്റെയും സഹിഷ്ണുതയുടെയും ഭാഗത്താണ് അദ്ദേഹം നിലയുറപ്പിച്ചത്. ഓർത്തഡോക്സ് - യാക്കോബായ സഭാസമാധാനം അദ്ദേഹത്തിന്റെ ഒരു സ്വപ്നമായിരുന്നു. സമാനമനസ്കരുടെ യോഗങ്ങൾ റാന്നിയിലെ ഭവനത്തിൽ വിളിച്ചുകൂട്ടി സഭാസമാധാനചർച്ചയും സംവാദവും നടത്തിയിരുന്നു. 'ശുബ്കോനോ'യുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം ഒരു മാർഗദർശിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഒരു നിവേദകസംഘം പരിശുദ്ധ പാത്രിയർക്കീസ് ബാവായുമായി നേരിൽ കണ്ട് ചർച്ച നടത്തുന്നതിനും ഇടയായിട്ടുണ്ട്. 1995 ലെ സുപ്രിംകോടതി വിധിയ്ക്കു ശേഷം സഭാസമാധനത്തിനു വേണ്ടി ഇരുപക്ഷവും നടത്തിയിട്ടുള്ള ശ്രമങ്ങൾ ഒരു ഗ്രന്ഥരൂപത്തിലാക്കി പ്രസിദ്ധീകരിക്കണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം സഫലമാക്കാൻ സാധിച്ചില്ല. സമീപഭാവിയിൽ തന്നെ ഈ സ്വപ്നം സാക്ഷാത്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സഭാതർക്കത്തിന് ഒരു ശാശ്വത പരിഹാരം കാണുന്നതിന് മുൻനിരയിൽ നിന്ന് ആത്മാർത്ഥമായി പ്രവർത്തിച്ച തികഞ്ഞ ഒരു സഭാസ്നേഹിയായിട്ടാണ് കുഞ്ഞുമോനച്ചായനെ ഞാൻ മനസ്സിലാക്കുന്നത്. വിദൂരഭാവിയിലെങ്കിലും ആ സ്വപ്നം സാക്ഷാത്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആ ബഹുമുഖ പ്രതിഭയുടെ സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ ! ●

നിർഭയനായ നീതിമാൻ

പ്രൊഫ. ഡോ. എം. പി. മത്തായി

ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെല്ലോഷിപ്പ്, ശുബ്ക്കോനോ തുടങ്ങിയ കൂട്ടായ്മകളിൽക്കൂടിയാണ് ഞാനും അലക്സാണ്ടർ സാറിനെ കണ്ടുമുട്ടിയത്. 'ഞാൻ വന്നു, ഞങ്ങൾ കണ്ടു, (അദ്ദേഹം) എന്നെ കീഴടക്കി' - ഇതാണ് ഞങ്ങളുടെ ആദ്യ കണ്ടുമുട്ടലിൽ സംഭവിച്ചത്.

റ്റി. ജി. എസ്സിലെ യുവാക്കളായ അംഗങ്ങൾക്ക് പിതൃതുല്യനും, മുതിർന്നവർക്ക് ജ്യേഷ്ഠസഹോദരനുമായിരുന്നു അലക്സാണ്ടർ സാർ. എനിക്ക് അദ്ദേഹം ജ്യേഷ്ഠനും സുഹൃത്തുമായിരുന്നു. കൂടപ്പിറപ്പുകളെപ്പോലെ ആയിത്തീർന്നു ഞങ്ങൾ. പരസ്പര സ്നേഹത്തിലും, ആദരവിലും കരുതലിലും അധിഷ്ഠിതമായ ആത്മബന്ധം.

'നീതിമാൻ' എന്ന വേദപുസ്തക സംജ്ഞയാണ് അലക്സാണ്ടർ സാറിനെ സമഗ്രമായി അടയാളപ്പെടുത്താൻ തിരഞ്ഞെടുക്കാവുന്ന ഏറ്റവും ഉചിതമായ പദം എന്നാണ് എന്റെ പക്ഷം. ചിന്തയിലും, വാക്കിലും, പ്രവൃത്തിയിലും സത്യസന്ധത, ഉത്തിഷ്ഠത, ജാഗ്രത, നിർഭയത്വം എന്നീ മൂല്യങ്ങളോടൊപ്പം, സൗമ്യതയും, കരുണയും, പാലിക്കുന്നവരെയാണല്ലോ 'നീതിമാൻ' എന്ന് വിശേഷിപ്പിക്കുന്നത്. ഈ അർത്ഥത്തിൽ അലക്സാണ്ടർസാർ നീതിമാനായിരുന്നു എന്ന് സത്യമായും, സത്യമായും നമുക്ക് സാക്ഷ്യപ്പെടുത്താനാവും.

ക്രിസ്തുസാന്ദ്രമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയവും, മനസ്സും, ആത്മാവും, വാക്കുകളും, പ്രവൃത്തികളും.

തന്റെ മാതൃസഭയിൽ ഒരു നീതിയുഗം പിറക്കണം, പുലരണം എന്ന് തീവ്രമായി അഭിലഷിച്ച്, യേശു ഗിരിപ്രഭാഷണത്തിൽ പ്രഖ്യാപിച്ചതുപോലെ നീതിക്കു വേണ്ടി വിശക്കുകയും, ദാഹിക്കുകയും, പീഡിപ്പിക്കപ്പെടാൻ സധൈര്യം, സസന്തോഷം സ്വയംസമർപ്പിക്കുകയും ചെയ്ത ഒരു സഭാസ്നേഹി കൂടിയായിരുന്നു അലക്സാണ്ടർസാർ എന്നതും അദ്ദേഹത്തെ വ്യതിരിക്തനും, ശ്രദ്ധേയനുമാക്കി. സ്നാപക യോഹന്നാന്റെ വീറോടും, വാശിയോടും, വിരുതോടും കൂടി അദ്ദേഹം തന്റെ കാഴ്ചപ്പാടും ബോധ്യവും പ്രഘോഷിച്ചു. അങ്ങനെ യഥാർത്ഥ വിശ്വാസികളുടെയും, സഭാസ്നേഹികളുടെയും ഗോത്രപിതാവായി മാറി അദ്ദേഹം.

സത്യവിശ്വാസത്തിനും, നീതിക്കും വേണ്ടി നല്ല പോർ പൊരുതി, ഓട്ടം തികച്ച്, കൃതകൃത്യനായി അദ്ദേഹം തനിക്കായി ഒരുക്കിവെയ്ക്കപ്പെട്ടിരിക്കുന്ന ദൈവരാജ്യ പ്രവേശത്തിന് അർഹനായിക്കഴിഞ്ഞിരിക്കുന്നു.

പ്രിയ അലക്സാണ്ടർ സാർ - അങ്ങ് ഞങ്ങളിലും, ഞങ്ങൾ അങ്ങിലും വസിക്കുന്നു. അതുകൊണ്ട് അങ്ങയുടെ ഭൗതിക വേർപാട് ഞങ്ങൾക്ക് വൈകാരികമായി ഏറെ ദുഃഖകരമെങ്കിലും, ആദ്ധ്യാത്മികമായി അപ്രസക്തമാകുന്നു.

'ഹാ വിജിഗീഷു മൃത്യുവിന്നാമോ ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ?'

ശാന്തി, ശാന്തി, ശാന്തി. ●

സഭാ ഐക്യധാരയെ ഒന്നിപ്പിച്ച ദീർഘദർശി

ഏലിയാസ് കണ്ണന്താനം

ദിവ്യാ എസ് അയ്യർ, IAS നോടൊപ്പം, ഗുഡ്ഷെപ്പേർഡ് ഭവനദാന പദ്ധതിയിൽ നിർമ്മിച്ച വീട് കൈമാറുന്ന വേളയിൽ..

പ്രിയ എ എം അലക്സാണ്ടർ സാറിനെ ആദ്യമായി പരിചയപ്പെടുന്നത് 2007- ൽ കോട്ടയം കഞ്ഞിക്കുഴി ജി മാർട്ടിൽ വച്ച് മനോരമയിലെ മാമ്മൻ വറുഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന മലങ്കര സഭാസമാധാന സമിതിയുടെ രൂപീകരണ യോഗത്തിൽ വച്ചാണ്. അന്ന് തൊട്ട് ഈ മാസമാദ്യം (2025 നവംബർ) കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിൽ അഡ്മിറ്റാകുന്ന നാൾ വരെ ദിവസവും തമ്മിൽ ആശയവിനിമയം നടത്തുവാൻ കിട്ടിയ അവസരം എന്റെ ജീവിതത്തിലെ ഒരു അപൂർവ്വ ഭാഗ്യമായി ഞാൻ കരുതുന്നു.

ഞങ്ങളുടെ സംഭാഷണം മണിക്കൂറുകൾ നീളുമായിരുന്നു. അതിൽ താൻ ജോലിചെയ്ത യു എൻ (United Nations' Organisation) മുതൽ കരികുളം വരെയും ഗാന്ധിജി മുതൽ ഉമ്മൻ ചാണ്ടി വരെയും രാഷ്ട്രീയം, മതം, സഭ, ഭാഷ എന്നിവയെല്ലാം ഉൾപ്പെട്ടിരുന്നു. എന്റെ സുഹൃത് വലയത്തിൽ ഇത്രയും വിശാലതയും ആഴവുമുള്ള, എല്ലാറ്റിലും അവസാന വാക്ക് പറയാനുള്ള ശേഷിയും ശേമുഷിയുമുള്ള മറ്റൊരു വ്യക്തിയെ ഞാൻ കണ്ടിട്ടില്ല.

മലങ്കര സഭയിലെ യാക്കോബായ, ഓർത്തോഡോക്സ് (ബാവ-മെത്രാൻ കക്ഷികൾ) വിഭാഗങ്ങളിലെ സഭാസമാധാന ഐക്യകാംക്ഷികളായ അത്മായരെ ഒരുമിച്ചുചേർത്ത് സഭാസമാധാനത്തിന്റെ പ്രവർത്തനത്തിൽ പങ്കെടുപ്പിക്കുവാൻ അദ്ദേഹമുൾപ്പെട്ട മുന്നേറ്റത്തിന് കഴിഞ്ഞു.

ഞങ്ങൾ ഒരു സംഘമായി പാത്രിയർക്കീസ് ബാവ, കാതോലിക്കാ ബാവ, മെത്രാപ്പോലീത്താമാർ, മുഖ്യമന്ത്രി, മന്ത്രിമാർ, ഉപസമിതിയംഗങ്ങൾ എന്നിവരെ നേരിട്ടും പ്രധാനമന്ത്രി, ഫ്രാൻസിസ് മാർപ്പാപ്പ. കർദ്ദിനാൾമാർ എന്നിവരെ രേഖാമൂലവും ബന്ധപ്പെടാൻ അച്ചായന്റെയും തമ്പാച്ചായന്റെയും നേതൃത്വത്തിൽ എനിക്കും മറ്റു സഹപ്രവർത്തകർക്കും സംഘാംഗങ്ങൾക്കും ഭാഗ്യമുണ്ടായി. സഭയിൽ പൂട്ടിക്കിടന്ന 99% ദേവാലയങ്ങളിലും കടന്നു ചെന്ന് ഇരുവിഭാഗങ്ങളെയും ഒരു മേശക്ക് ചുറ്റും ഇരുത്തി പരസ്പരം കയസുരി കൊടുക്കുവാൻ സാധ്യമായി.

'മലങ്കര സഭാസമാധാനം ഒരു മരീചികയോ' എന്ന പുസ്തകം ഇരുവിഭാഗത്തിലെയും പ്രമുഖരെ അണിനിരത്തി 5000 കോപ്പികൾ അച്ചടിച്ച് സഭയാകെ വിതരണം ചെയ്തു. അച്ചായൻ ഒറ്റയ്ക്കാണ് അതിന്റെ ക്രോഡീകരണവും പ്രൂഫ് റീഡിംഗും നിർവഹിച്ചത്.

ഒരു കാര്യം വിട്ടു പോയി. ഞങ്ങളുടെ ഫോൺ സംഭാഷണത്തിനിടയിൽ പലപ്പോഴും അത് റാന്നിയിലെ തങ്കമ്മാമ്മ (അദ്ദേഹത്തിന്റെ പ്രിയതമ)യും കോത്തലയിലെ മോളിയും (എന്റെ ഭാര്യ) തമ്മിൽ കൂട് വിട്ട് കൂടുമാറുകയും ചെയ്യുമായിരുന്നു. അവർ രണ്ടു പേരും ഇന്ന് ജീവജലനദിയുടെ തീരത്ത് ആണ്.

ഞങ്ങളും സഹപ്രവർത്തകരും ആഗ്രഹിച്ച സഭാ സമാധാനം അതിന്റെ പൂർണ്ണ അർഥത്തിൽ പ്രാപ്തമായോ എന്ന് സംശയമാണ്. എങ്കിലും ഞങ്ങൾ പാകിയ വിത്തുകൾ പലതും മണ്ണിൽ മറഞ്ഞു കിടക്കുന്നുണ്ട്. പുതുമഴ പെയ്യുമ്പോൾ അവ കിളിർക്കും, സംശയമില്ല. കാരണം അത് മഹത്തായ ഒരാശയത്തിന്റെ ബീജങ്ങളാണ്.

അച്ചായനെപ്പോലെ മറ്റനേകരെ പരിചയപ്പെടുവാനും ആ ബന്ധങ്ങൾ ഇന്നും നിലനിർത്തുവാനും സാധിക്കുന്നതിൽ സമാധാന സമിതിയുടെ പങ്ക് നിസ്തുലമാണ്. എന്നാലും എ എം അലക്സാണ്ടർ എന്ന മഹാമേരുവിന്റെ സാന്നിധ്യവും തങ്കമ്മാമ്മ എന്ന മന്ദമാരുതന്റെ ശീതളഛായയും എനിക്കും എന്റെ കുടുംബത്തിനും സഹപ്രവർത്തകർക്കും എന്നും ഒരു പ്രകാശഗോപുരമായി വഴികാട്ടും. ●

Edited, Printed and Published by Shajan Mathew, Kattapurath Valiyil Avenue, Angadical P. O, Chengannur, 689 122. Chief Editor : Saji Abraham Printed at Chennampally Printers, Kottayam- (Private Circulation only)